<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3457</u> <u>14-07-2022 - ൽ മറുപടിയ്ക്ക്</u>

<u>മടിക്കൈ ഐ.എച്ച്.ആർ.ഡി കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മടിക്കൈ ഐ.എച്ച്.ആർ.ഡി കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (എ) | **ഐ.എച്ച്.ആർ.ഡി.യുടെ മടിക്കൈ മോഡൽ കോളേജിനായി ഐ.എച്ച്.ആർ.ഡി.യുടെ പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് നിർമ്മിച്ച 306 $m^2$ വിസ്തീർണ്ണമുള്ള അക്കാദമിക്ക് ബ്ലോക്ക് കെട്ടിടവും, ബഹു. MLA ശ്രീ. ഇ. ചന്ദ്രശേഖരന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് നിർമ്മിച്ച 657 $m^2$ വിസ്തീർണ്ണമുള്ള അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടവും നിലവിലുണ്ട്.**<br><br>**കോളേജിന് ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണത്തിനായി 10 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടി പ്രവർത്തിക്കായി ഐ.എച്ച്.ആർ.ഡി.യുടെ 2021 - 2022 ലെ പ്ലാൻ ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ചിട്ടുമുണ്ട്. ടി പ്രവൃത്തിക്കാ യുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചു വരുന്നു.**<br><br>**2021-2022 ലെ സംസ്ഥാന ബഡ്ജറ്റിൽ ഐ.എച്ച്.ആർ.ഡി. മോഡൽ കോളേജിനായി 300 ലക്ഷം രൂപ അടങ്കൽ തുകയുള്ള കെട്ടിട നിർമ്മാണം എന്ന പദ്ധതി പൊതുമരാമത്ത് വകുപ്പിന്റെ ഹെഡിൽ ഉൾക്കൊള്ളിച്ചിരുന്നു. ഇതിന്റെ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ